**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഇടുക്കി**
ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ, സിവിൽ സ്റ്റേഷൻ, പൈനാവ്.പി.ഒ
കുയിലിമല, പിൻ - 685603
ഇമെയിൽ : deocidk@gmail.com
ഫോൺ : 04862 233111, 233130, മൊബൈൽ : 9383463036,7034447100

**ജില്ലാ കളക്ടർ & ചെയർപേഴ്സൺ**
**ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.**
**(ഹാജർ: ഷീബ ജോർജ്ജ് ഐ എ എസ്)**

വിഷയം: ദുരന്തനിവാരണം - കൊവിഡ് - 19 - രോഗവ്യാപനം തടയുന്നതിനുള്ള നടപടികൾ — പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (WIPR) അടിസ്ഥാനത്തിൽ കർശന ലോക്ഡൗൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവായത് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. ഈ കാര്യാലയത്തിലെ 11/09/2021 ലെ ഇതേ നമ്പർ നടപടിക്രമം.
2. സെക്ടറൽ മജിസ്ട്രേറ്റ്, കട്ടപ്പന നഗരസഭ & വില്ലേജ് ഓഫീസർ കട്ടപ്പനയുടെ 12/09/2021 ലെ 5/2020/Gen നമ്പർ കത്ത്.
3. ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ (ആ) യുടെ 13.09.2021 ലെ ഇ-മെയിൽ.

**ഉത്തരവ് നമ്പർ DCIDK/2584/2021 – DM1 തീയതി: 13-09-2021**

കോവിഡ്-19 നിർവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ആകെ പ്രഖ്യാപിച്ചിട്ടുള്ള ലോക്ഡൌണിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ/ ഇളവുകൾ സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (WIPR) 8 ൽ കൂടുതലുള്ള ജില്ലയിലെ 137 ഗ്രാമപഞ്ചായത്ത് വാർഡുകളിലും, 15 നഗരസഭാ വാർഡുകളിലും കർശന ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

പ്രസ്തുത ഉത്തരവ് പ്രകാരം 18/09/2021 തീയതി വരെ കർശന ലോക്ക് ഡൌൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്ന കട്ടപ്പന നഗരസഭയിലെ 17-ാം വാർഡിലെ നിലവിലുള്ള **20** കൊവിഡ് - 19 പോസിറ്റീവ് കേസുകളിൽ ആറ് ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നത് 12-ാം വാർഡിലും താമസിക്കുന്നത് 29-ാം വാർഡിലുമാണെന്നും, രണ്ട് പേർ തിരുവനന്തപുരത്തു നിന്നും കട്ടപ്പനയിൽ വന്നതിന് ശേഷം പോസിറ്റീവ് ആയതാണെന്നും, നാല് പേർ തങ്കമണി സ്വദേശികളാണെന്നും, ഒരാൾ താൽക്കാലികമായി തമിഴ്നാട്ടിൽ നിന്നും എത്തിയതാണെന്നും മറ്റ് **ഏഴ്** പേർ മാത്രമാണ് 17-ാം വാർഡിലെ സ്ഥിരതാമസക്കാരെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ ടി വാർഡിലെ 05/09/2021 മുതൽ 11/09/2021 തീയതി വരെയുള്ള കൊവിഡ് പോസിറ്റീവ് കേസുകൾ പ്രകാരം WIPR കണക്കാക്കുമ്പോൾ **5.91** മാത്രമാണെന്നും ആയതിനാൽ കട്ടപ്പന നഗരസഭയിലെ 17-ാം വാർഡിനെ കർശന ലോക്ക്ഡൌൺ നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കി നൽകുന്നതിന് പരാമർശം (2) പ്രകാരം സെക്ടറൽ മജിസ്ട്രേറ്റും, പരാമർശം (3) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആ) യും ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരാമർശം (2), (3) ശിപാർശകൾ പരിഗണിച്ച് **കട്ടപ്പന നഗരസഭയിലെ 17-ാം വാർഡിൽ ഏർപ്പെടുത്തിയിരുന്ന കർശന ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ ഉടൻ പ്രാബല്യത്തിൽ പിൻവലിച്ച് ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 30 പ്രകാരം ഇതിനാൽ ഉത്തരവാകുന്നു.**

**പ്രസ്തുത വാർഡിൽ, കർശന ലോക്ഡൌൺ നിയന്ത്രണങ്ങൾ എർപ്പെടുത്തിയിട്ടില്ലാത്ത പ്രദേശങ്ങളിൽ, നിലവിൽ പ്രാബല്യത്തിലുള്ള ലോക്ഡൌൺ നിയന്ത്രണങ്ങൾ/ ഇളവുകൾ ബാധകമായിരിക്കുന്നതാണ്.**

മേൽ പരാമർശിച്ച ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

ഈ ഉത്തരവിന് 14.09.2021 തീയതി 00:00 മണി മുതൽ 18.09.2021 തീയതി 23:59 മണി വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
ജില്ലാ കളക്ടർ & ചെയർപേഴ്സൺ
ജില്ലാ ദുരന്തനിവാരണ അതോറിറ്റി

സ്വീകർത്താക്കൾ -

1. ജില്ലാ പോലീസ് മേധാവി, ഇടുക്കി
2. ജില്ലാ വികസന കമ്മീഷണർ, ഇടുക്കി
3. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി
4. റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ, ഇടുക്കി
5. സബ് കളക്ടർ, ദേവികുളം/ ഇടുക്കി
6. എല്ലാ താലൂക്ക്തല ചാർജ്ജ് ഓഫീസർമാർക്കും
7. എല്ലാ തഹസിൽദാർമാർക്കും.
8. സെക്രട്ടറി, തൊടുപുഴ/കട്ടപ്പന നഗരസഭ.
9. സെക്ടറൽ മജിസ്ട്രേറ്റുമാർക്ക് (തഹസിൽദാർമാർ മുഖേന)
10. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (ഡിഡിപി മുഖേന)
11. എല്ലാ വില്ലേജ് ഓഫീസർമാർക്കും (തഹസിൽദാർ മുഖേന)

പകർപ്പ് -

1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഇടുക്കി, തൊടുപുഴ
2. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി.
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രസിദ്ധീകരണത്തിനായി)
3. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട് (ഡി.എം.)